"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - "നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണവും മത്സ്യബന്ധന ഉപകരണങ്ങളുടെ അനുയോജ്യമായ ഘടകങ്ങളും 2024-25" എന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി 2405-00-110-98 (പി) എന്ന ശീർഷകത്തിൽ നിന്നും 25,00,000/- രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

G.O.(Rt)No.232/2026/F&P തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. 31/05/2025 തീയതിയിലെ സ.ഉ (സാധാ) 381/2025/മ.തു.വ നമ്പർ ഉത്തരവ്.
2. 16.10.2025-ലെ സ.ഉ (സാധാ) 778/2025/F&P നമ്പർ ഉത്തരവ്.
3. ഫിഷറീസ് ഡയറക്ടറുടെ 05.02.2026 തിയതിയിലെ DFTVM/1750/2025-G3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

'നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണവും മത്സ്യബന്ധന ഉപകരണങ്ങളുടെ അനുയോജ്യമായ ഘടകങ്ങളും 2024-25' എന്ന പദ്ധതിയുടെ നടത്തിപ്പിനായി 2405-00-110-98 (പി) എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി 2405-00-110-98 (പി) എന്ന ശീർഷകത്തിൽ നിന്നും നിലവിലെ ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് അനുസൃതമായി 24,40,865/- രൂപ മാനേജിംഗ് ഡയറക്ടർ മത്സ്യഫെഡിന് അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. 'നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം' എന്ന പദ്ധതി നടപ്പാക്കുന്നതിന് 2405-00-110-98 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച 100 ലക്ഷം രൂപയിൽ നിന്നും മാനേജിംഗ് ഡയറക്ടർ മത്സ്യഫെഡിന് അനുവദിച്ച 24,40,865/- രൂപയുടെ ബാക്കി തുക 75,59,135/- രൂപ അനുവദിച്ച നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണവും മത്സ്യബന്ധന ഉപകരണങ്ങളുടെ അനുയോജ്യമായ ഘടകങ്ങളും 2024-25' എന്ന പദ്ധതി നടപ്പാക്കുന്നതിന് 2405-00-110-98 (പി) എന്ന ശീർഷകത്തിൽ നിന്നും 25,00,000/- രൂപ (ആകെ ഇരുപത്തിഅഞ്ച് ലക്ഷം രൂപ മാത്രം) നിലവിലെ ഫണ്ട് റിലീസ് വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു..

1) 16/04/2018-ലെ സ ഉ (പി) 62/18 ധനയിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക

ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 09/12/08-ലെ സർക്കുലർ നം. 84/08/ധന-ലെയും, 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം.04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ) നം. 93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ABDUL NASAR B I A S
SPECIAL SECRETARY

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
മത്സ്യഫെഡ്, മാനേജിങ് ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (28.02.2026-ലെ 3297317/PU-C4/166/2025-FIN നമ്പർ പ്രകാരം)
ഡയറക്ടർ, പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ വിവര പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Biju. K**
**Date: 13-03-2026 11:42:18**
സെക്ഷൻ ഓഫീസർ